പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4011 11.11.2019 ൽ മറുപടിയ്ക്ക്

സപ്ലൈകോയ്ക്ക് നൽകാനുള്ള കുടിശ്ശിക, നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ആർ.സുനിൽ കുമാർ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർക്കാർ നയങ്ങൾ നടപ്പാക്കിയതിന്റെ ഭാഗമായി സബ്സിഡിയിനത്തിൽ ഭക്ഷ്യസാധനങ്ങൾ വിറ്റവകയിലും നെല്ല് സംഭരണത്തിലും ഭക്ഷ്യഭദ്രതാ നിയമപ്രകാരം വാതിൽപ്പടി വിതരണം നടത്തിയതിലും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സപ്ലൈകോയ്ക്ക് നൽകാനുള്ള കുടിശ്ശിക തുക എത്രയാണെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സർക്കാർ ഉത്തരവ് പ്രകാരം സപ്ലൈകോ എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ ഓഫീസർ ഇൻചാർജ് ആയി എസ്.എ.ഐ. തസ്തികയിലുള്ള ഉദ്യോഗസ്ഥരെയാണ് നിയമിക്കേണ്ടത് എന്ന ഉത്തരവ് സപ്ലൈകോയിൽ നടപ്പിലാക്കിയിട്ടുണ്ടോ; എത്ര ഗോഡൗണുകളിൽ പ്രസ്തുത തസ്തികയിലുള്ളവർ ഓഫീസർ ഇൻചാർജ് ആയി ജോലി ചെയ്യു എന്ന് അറിയിക്കുമോ; | (ബി) | സപ്ലൈകോയിൽ എസ്.എ.ഐ. എന്ന തസ്തിക ഇല്ല. സീനിയർ അസിസ്റ്റൻറ്-I (one) എന്ന തസ്തികയാണുള്ളത്. സപ്ലൈകോ NFSA ഗോഡൗണുകളിൽ ഓഫീസർ ഇൻ-ചാർജ്ജ് ആയി സീനിയർ അസിസ്റ്റൻറ്-I തസ്തികയിലുള്ള ഉദ്യോഗസ്ഥരെയാണ് നിയമിക്കേണ്ടത് എന്ന ഉത്തരവും നിലവിലില്ല. എന്നാൽ സപ്ലൈകോയിൽ 83 NFSA ഡിപ്പോകളിൽ ഓഫീസർ-ഇൻ-ചാർജ്ജായി സീനിയർ അസിസ്റ്റൻറ്-I തസ്തികയിലുള്ള ജീവനക്കാർ ജോലി ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ 22/2/19-ലെ സർക്കാർ ഉത്തരവ് നമ്പർ 11/2019 പ്രകാരം റേഷനിംഗ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള തസ്തികകളിൽ നിന്നും സപ്ലൈകോയിലേക്ക് ഡെപ്യൂട്ടേഷൻ ഘട്ടം ഘട്ടമായി കുറയ്ക്കുന്നതിനും ജോലി ഭാരം സംബന്ധിച്ചും പഠനം നടത്തിയ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ട് സംബന്ധിച്ച് എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | (സി) | ടി വിഷയത്തെ സംബന്ധിച്ച് ലഭിച്ച റിപ്പോർട്ട് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

| ഇനം | 2018-19(തുക കോടിയിൽ ) | 2019-20(തുക കോടിയിൽ ) | വിശദാംശങ്ങൾ |
|---|---|---|---|
| | | കേന്ദ്ര സർക്കാർ | |
| നെല്ല് സംഭരണം | 221.27 | 287.11 | |
| തുക | 221.27 | 287.11 | |
| | | സംസ്ഥാന സർക്കാർ | |
| വിപണിയിടപെടൽ | 75 | 102.59 | 2018-19 സാമ്പത്തിക വർഷം വിപണിയിടപെടൽ ഇനത്തിൽ അനുവദിച്ച 200 കോടി രൂപയിൽ 125 കോടി രൂപ മാത്രമേ വിട്ടുകിട്ടിയിട്ടുള്ളു. ശേഷിക്കുന്ന 75 കോടി രൂപ കുടിശ്ശികയായുണ്ട് . 2019-20 സാമ്പത്തിക വർഷം 2019 ഓഗസ്റ്റ് വരെയുള്ള ക്ലെയിം സമർപ്പിച്ചിട്ടുണ്ട് |
| ഭക്ഷ്യ ഭദ്രത നിയമം വാതിൽപ്പടി വിതരണം | 40.77 | 80.83 | 2019-20 സാമ്പത്തിക വർഷം 2019 ജൂലൈ വരെയുള്ള ക്ലെയിം സമർപ്പിച്ചിട്ടുണ്ട് |
| നെല്ല് സംഭരണം (SIB) | 68.08 | 259.76 | 2018-19 സാമ്പത്തിക വർഷം കുടിശ്ശികയായുള്ള 68.08 കോടി രൂപ സപ്ലൈകോ ട്രഷറി അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുണ്ടെങ്കിലും ഇതുവരേക്കും റിലീസ് ചെയ്തു ലഭിച്ചിട്ടില്ല 2019-20 സാമ്പത്തിക വർഷം 2019 ജൂൺ വരെയുള്ള ക്ലെയിം സമർപ്പിച്ചിട്ടുണ്ട് |
| നെല്ല് സംഭരണം(Interest) | 0.73 | 8.27 | 2019-20 സാമ്പത്തിക വർഷം 2019 സെപ്റ്റംബർ വരെയുള്ള ക്ലെയിം സമർപ്പിച്ചിട്ടുണ്ട് |
| നെല്ല് സംഭരണം(Out Turn Ratio Difference) | 39.27 | 33.89 | 2018-19 സാമ്പത്തിക വർഷം കുടിശ്ശികയായുള്ള 39.27 കോടി രൂപ സപ്ലൈകോ ട്രഷറി അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുണ്ടെങ്കിലും ഇതുവരേക്കും റിലീസ് ചെയ്തു ലഭിച്ചിട്ടില്ല. 2019-20 സാമ്പത്തിക വർഷം 2019 ജൂൺ വരെയുള്ള ക്ലെയിം സമർപ്പിച്ചിട്ടുണ്ട് |
| CMR വിതരണം | 2.21 | 111.692 | സിവിൽ സപ്ലൈസ് ഡയറക്ടർ അനുവദിക്കേണ്ടതായ തുകയാണിത് . 2019-20 സാമ്പത്തിക വർഷം 2019 ഒക്ടോബർ വരെയുള്ള ക്ലെയിം സമർപ്പിച്ചിട്ടുണ്ട് |
| തുക | 226.06 | 597.032 | |
| | | | |
| ആകെ കുടിശ്ശിക | 1331.472 കോടി രൂപ | | |